

# മാലിന്യസംസ്ക്കരണത്തിന് 'കാലടി' മാതൃക

വളരെ വേഗതയിൽ ലളിതമായി കൈകാര്യം ചെയ്യാവുന്ന ഒരു വിഷയമായിരുന്നില്ല മാലിന്യസംസ്ക്കരണം. എന്നിരുന്നാലും 'ക്ലീൻ കാലടി, ഗ്രീൻ കാലടി' എന്ന പ്രോജക്റ്റ് ഏറ്റെടുത്ത് ധൈര്യസമേതം ഇച്ഛാശക്തിയോടെ മുന്നോട്ടുപോയി.

**അഡ്വ. കെ. തുളസി ടീച്ചർ**

ആദിശങ്കരന്റെ ജന്മംകൊണ്ട് പരിപാവനമായ കാലടി ലോക ടൂറിസംഭൂപടത്തിൽ ഇടംപിടിച്ചിട്ടുള്ള സ്ഥലമാണ്. പെരിയാറിന്റെ തീരത്തെ പ്രകൃതിരമണീയമായ ഇവിടെ എല്ലാ ജാതിമത വിഭാഗങ്ങളും ഏകോദര സഹോദരങ്ങളെപ്പോലെ അധിവസിക്കുന്നു. എന്നാൽ ആയിരക്കണക്കിന് തീർത്ഥാടകരും സന്ദർശകരും പ്രതിവർഷം വന്നുപോകുന്ന കാലടിക്ക് ആ പ്രാധാന്യത്തോടെ ഏറെ മുന്നേറാൻ സാധിച്ചിരുന്നില്ല. ആദിശങ്കരന് ജന്മം കൊടുത്ത ശൃംഗേരി മഠവും കുളിക്കാനിറങ്ങിയപ്പോൾ അദ്ദേഹത്തെ മുതലപിടിച്ച മുതലക്കടവും ശ്രീരാമകൃഷ്ണന്റെ ആശ്രമവും ആദിശങ്കരന്റെ നാമധേയത്തിലുള്ള സംസ്കൃത യൂണിവേഴ്സിറ്റിയും കലാലയങ്ങളും കാലടിയെ കൂടുതൽ പ്രസിദ്ധമാക്കുന്നുണ്ടെങ്കിലും ഇപ്പോഴും പുരോഗതി കാത്തുകിടക്കുന്ന ഒരു ടൂറിസ്റ്റ് കേന്ദ്രമാണിവിടം.

ഈ പഞ്ചായത്ത് ഭരണസമിതി അധികാരത്തിൽ വരുമ്പോൾ ഏറ്റവും കൂടുതലായി അലട്ടിയിരുന്നതും വികസന പ്രശ്നങ്ങൾ തന്നെയാണ്. അതോടൊപ്പം ജനത്തിരക്കേറിയ സ്ഥലമായതിനാൽ കുമിഞ്ഞുകൂടുന്ന മാലിന്യം പഞ്ചായത്തിനെ വല്ലാത്ത പ്രതിസന്ധിയിലാക്കിയിരുന്നു. പരിപാവനമായി വിശുദ്ധിയോടെ സൂക്ഷിക്കേണ്ട കാലടി പട്ടണം, വലിച്ചെറിയപ്പെട്ട പ്ലാസ്റ്റിക്ക്-ജൈവമാലിന്യങ്ങളാൽ വൃത്തിഹീനമായിരുന്നു. കാലടി പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പട്ടണത്തോടു ചേർന്നുകിടക്കുന്ന 55 സെന്റ് ഭൂമി 20 വർഷമായി മാലിന്യം കുമിഞ്ഞുകൂടി ഒരു വേസ്റ്റ് ഡംബിങ്ങ് യാഡ് പോലെയായിരുന്നു. മഴയാകുമ്പോൾ കവിഞ്ഞൊഴുകുന്ന കാനകളും ഡംബിങ്ങ് യാഡിലെ മാലിന്യവുമായി പുറത്തേക്കു വരുന്ന വെള്ളവും രോഗങ്ങൾ പടരുന്നതിനും ഇടയാക്കിയിരുന്നു. ഈ ഘട്ടത്തിൽ ഭരണസമിതി ഏറ്റവും പ്രാധാന്യം കൊടുത്ത് ശ്രദ്ധിക്കണമെന്ന് തീരുമാനിച്ചത് മാലിന്യസംസ്ക്കരണ മേഖലതന്നെയാണ്. പക്ഷെ വളരെ വേഗതയിൽ ലളിതമായി കൈകാര്യം ചെയ്യാവുന്ന ഒരു വിഷയമായിരുന്നില്ല മാലിന്യസംസ്ക്കരണം. എന്നിരുന്നാലും 'ക്ലീൻ കാലടി, ഗ്രീൻ കാലടി' എന്ന പ്രോജക്റ്റ് ഏറ്റെടുത്ത് ധൈര്യസമേതം ഇച്ഛാശക്തിയോടെ മുന്നോട്ടുപോയി.

2016-17 പദ്ധതിവർഷം ജൈവ മാലിന്യ സംസ്കരണം ഉറവിടങ്ങളിൽ തന്നെ എന്ന ആശയം ഏറ്റെടുത്ത് പ്രതിജ്ഞാബദ്ധമായ പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ഭാഗമായി ഒട്ടേറെ പ്രവർത്തനങ്ങൾ സമഗ്രവും സംയോജിതവുമായി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി പ്രത്യേകം ശ്രദ്ധിച്ചിരുന്നു.

- സോഷ്യോ എക്കണോമിക് ഫൗണ്ടേഷന്റെ സഹായത്താൽ ആ വർഷം തന്നെ 1000 വീടുകളിൽ 'ബയോ ഡൈജസ്റ്റീവ് പോട്ട്' വിതരണം ചെയ്തു. എറണാകുളം ജില്ലയിൽ ആദ്യമായിട്ടാണ് ഇത്തരത്തിൽ ബയോ ഡൈജസ്റ്റീവ് പോട്ട് വിതരണം ചെയ്യുന്നത്.
- ബയോ ഡൈജസ്റ്റീവ് പോട്ട് വിതരണം ചെയ്തതോടൊപ്പം തന്നെ കുറച്ചുകൂടി ചെലവേറിയ ബയോഗ്യാസ് പ്ലാന്റുകൾ ഏറ്റെടുക്കാൻ കഴിയുന്ന എല്ലാ വീട്ടിലും ഈ പദ്ധതിയുടെ ഗുണം ലഭിക്കുന്നതിനായി ലിസ്റ്റ് ചെയ്ത് സബ്സിഡി ഇനത്തിൽ ബയോഗ്യാസ് പ്ലാന്റുകൾ അനുവദിച്ചു. ഈ രണ്ട് പദ്ധതികളും ഇപ്പോഴും തുടരുന്നു.
- 1880 ഓളം വീടുകളിൽ തൊഴിലുറപ്പ് തൊഴിലാളികളുടെ സഹായത്താൽ കമ്പോസ്റ്റ് പിറ്റുകൾ നിർമ്മിച്ച് നൽകിയതും സമ്പൂർണ്ണ ശുചിത്വ കർമ്മപരിപാടിയുടെ ഭാഗമായിട്ടാണ്.
- ബയോഗ്യാസ് പ്ലാന്റ്, ബയോഡൈജസ്റ്റീവ് പോട്ട്, കമ്പോസ്റ്റ് കിറ്റ് എന്നിവയിലൂടെ രൂപപ്പെടുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് കൃഷി വകുപ്പിന്റെയും പഞ്ചായത്തിന്റെയും നേതൃത്വത്തിൽ സംയോജിത ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി.

ഇത്തരത്തിൽ ജൈവ പരിപാലന ഉപാധി നൽകൽ മാത്രമല്ല അതിൽ നിന്നും ഉത്പാദിപ്പിക്കപ്പെടുന്ന വളത്തെ കൃഷിക്കായി ഉപയോഗിക്കാൻ കഴിയുന്നതരത്തിൽ സമഗ്ര പരിപാടിയാണ് ഏറ്റെടുത്ത് നടപ്പിലാക്കിയത്.

## MRF സെന്ററിന് തുടക്കം

ഡംബിങ്ങ് യാഡിലും വഴിവക്കിലും വർഷങ്ങളായി കുമിഞ്ഞുകൂടിയ മാലിന്യം ശുചിത്വമിഷന്റെ സഹായത്താൽ പ്രത്യേക പ്രോജക്റ്റ് തയ്യാറാക്കി ശേഖരിച്ച് തരംതിരിക്കുന്നതിന് MRF സെന്ററിന് തുടക്കം കുറിച്ചു. ഇതിൽ പ്ലാസ്റ്റിക്ക്, ഹോട്ടൽ വേസ്റ്റുകൾ, മൃഗങ്ങളുടെ വേസ്റ്റുകൾ തുടങ്ങിയവ വർഷങ്ങളായി നിക്ഷേപിച്ച് വലിയ കുന്നായി കിടക്കുകയായിരുന്നു. കുടുംബശ്രീ സഹോദരിമാരിൽ നിന്നും 25 പേരടങ്ങുന്ന ഹരിത കർമ്മസേന രൂപീകരിച്ച് ഈ തരംതിരിക്കൽ പ്രക്രിയ സുഗമമായി ഇന്നും നടക്കുന്നു. അങ്ങനെ 20 വർഷമായി കുന്നുകൂടി കിടന്നിരുന്ന മാലിന്യം സംസ്ക്കരിച്ച് നീക്കംചെയ്യാൻ സാധിച്ചത് ഏറെ അഭിമാനകരമാണ്.

## റെഡ് ബട്ടൺ റോബോട്ടിക്ക് സിസ്റ്റം

വഴിവക്കുകളിൽ നിന്ന് മാലിന്യം ശേഖരിക്കുന്ന മുറയ്ക്കുതന്നെ വീണ്ടും മാലിന്യം വന്നുചേരുക സ്ഥിരമായി. ഇവ പരിഹരിക്കണമെന്ന ചിന്തയായി പിന്നീട്. ആ ആലോചനയാണ് 'റെഡ് ബട്ടൺ' റോബോട്ടിക്ക് സിസ്റ്റത്തിലേക്ക് ഞങ്ങളെ എത്തിച്ചത്. ഏഷ്യയിൽ തന്നെ ആദ്യത്തെ നൂതന സംരംഭമാണ് കാലടി പഞ്ചായത്തിൽ മന്ത്രി ഡോ. കെ.ടി ജലീൽ ഉദ്ഘാടനം ചെയ്ത മൂന്ന് റെഡ് ബട്ടൺ അലേർട്ടുകൾ. ഇത് റോബോട്ടിന്റെ രൂപത്തിലുള്ളതാണ്. ഇതിൽ തന്നെ ഒരു ഡിസ്പ്ലെ ബോർഡുമുണ്ട്. ഈ ഡിസ്പ്ലെ ബോർഡിൽ പരസ്യം സ്വീകരിച്ച് പഞ്ചായത്തിന് വരുമാനം കണ്ടെത്താനും കഴിയുന്നു എന്നതാണ് മറ്റൊരു പ്രത്യേകത. ഈ സംവിധാനത്തെ പോലീസിന്റെ കൺട്രോൾ റൂമുമായി ബന്ധിപ്പിച്ചിട്ടുണ്ട്. റെഡ് ബട്ടൺ റോബോട്ടിക് മെഷീൻ വച്ചിട്ടുള്ള പ്രദേശത്ത് ഏതെങ്കിലും തരത്തിലുള്ള അതിക്രമം നടക്കുകയോ, മാലിന്യനിക്ഷേപം നടക്കുകയോ

ഏതൊരു വ്യക്തിക്കും റോബോട്ടിൽ വച്ചിട്ടുള്ള റെഡ് ബട്ടണിൽ അമർത്താം. അതുവഴി സംസാരിക്കുന്നതിനുള്ള സംവിധാനവും ഉണ്ട്. ഇത് ആ നിമിഷം പോലീസ് കൺട്രോൾ റൂമിൽ ലഭിക്കുകയും തൊട്ടടുത്ത് എവിടെയാണോ പോലീസ് ഉള്ളത് അവരുടെ സേവനം ലഭിക്കുകയും ചെയ്യും.

നിരവധി ചർച്ചകൾക്ക് ശേഷം കളമശ്ശേരിയിലുള്ള ഒരു സ്റ്റാർട്ടപ്പ് കമ്പനിയായ സോഗ് ഐ.ടി. സൊല്യൂഷന്റെ സഹായത്താൽ പ്രധാനപ്പെട്ട മൂന്ന് കേന്ദ്രങ്ങളിൽ LED വാർത്താബോർഡുകൾ സ്ഥാപിച്ചു. അതിലൂടെ പഞ്ചായത്തിന്റെ ദൈനംദിന പ്രവർത്തനങ്ങൾപോലും സാധാരണക്കാരിൽ എത്തിക്കാൻ സാധ്യമായി. പ്രളയ കാലഘട്ടത്തിൽ ഇത് ഏറെ സഹായകരമായിരുന്നു. ഗ്രാമസഭാവാർത്ത, കമ്മറ്റികൾ സംബന്ധിച്ച വാർത്ത, ശുചിത്വ പരിപാലനവുമായി ബന്ധപ്പെട്ട അറിയിപ്പുകൾ തുടങ്ങി ദൈനംദിന പ്രവർത്തനത്തിന്റെ ഭാഗമായി ജനങ്ങൾ അറിയേണ്ട എല്ലാ വിവരവും അപ്പപ്പോൾ യഥാസമയം എത്തിക്കാൻ ഇത് ഏറെ സഹായകമായി.

## കിണർ വെള്ളം ശുചിയാക്കൽ

മാലിന്യ സംസ്ക്കരണവും ആരോഗ്യമേഖലയുമായി ഏറ്റവും അടുത്ത ബന്ധമുണ്ട്. പ്രത്യേക പദ്ധതിയിലൂടെ 2800 ഓളം സാധരണക്കാരുടെ കിണറുകൾ വെള്ളം വറ്റിച്ച് വൃത്തിയാക്കി, ആ കിണറുകളിലെ വെള്ളത്തിന്റെ സാമ്പിൾ എടുത്ത് പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ സഹായത്താൽ പരിശോധിച്ച് റിസൾട്ട് നൽകുന്ന പദ്ധതി ഇന്ത്യയിൽ തന്നെ ആദ്യമായിട്ടാണ് ഒരു ഗ്രാമപഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയത്. 8 ലക്ഷത്തോളം രൂപ ചെലവ് വരുന്ന പദ്ധതിയാണ് ഇതിനായി തയ്യാറാക്കിയത്. 24 മോട്ടറുകൾ വാടകയ്ക്കെടുത്ത് സന്നദ്ധപ്രവർത്തകരുടെ സഹായത്തോടെയാണ് ഈ പ്രവർത്തനം പൂർത്തിയാക്കിയത്.

## സ്വച്ഛ് ഐക്കോണിക്ക് പദ്ധതി

കാലടി ഗ്രാമപഞ്ചായത്തിലെ സിറ്റിയിലുള്ള എല്ലാ ഓടകളും മാലിന്യം നിറഞ്ഞും റോഡിന്റെ വക്കൊക്കെ പൊട്ടിപ്പൊളിഞ്ഞും വൃത്തിഹീനമായിരുന്നു. ഈ പ്രശ്നം പരിഹരിച്ച് കാലടിയെ മനോഹരമായ ഒരു സിറ്റിയാക്കി മാറ്റുന്നതിന് പഞ്ചായത്ത് ഭരണസമിതി നടത്തിയ ശ്രമത്തിന്റെ ഭാഗമായി 'സ്വച്ഛ് ഐക്കോണിക്ക് പരിപാടി'യിലേക്ക് കേന്ദ്ര സർക്കാർ കാലടി പഞ്ചായത്തിനെയും തെരഞ്ഞെടുത്തു. ഇതിനായി ഇന്ത്യയിൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട ഒരേ ഒരു പഞ്ചായത്താണ് കാലടി. സ്വച്ഛ് ഐക്കോണിക്കിന്റെ ഭാഗമായി BPCL നെ പങ്കാളിയാക്കി കാന ശുദ്ധീകരിച്ച് ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കി പുതുക്കിപ്പണി നടന്നുകൊണ്ടിരിക്കുന്നു.

കാലടി ഒരു വ്യവസായ വാണിജ്യ കേന്ദ്രമാണ്. സോർട്ടക്സ് റൈസ് മില്ലുകളുടെ തറവാട് എന്നാണ് കാലടി അറിയപ്പെടുന്നത്. വ്യാപാര

ചെയ്താൽ ഏതൊരു വ്യക്തിക്കും റോബോട്ടിൽ വച്ചിട്ടുള്ള റെഡ് ബട്ടണിൽ അമർത്താം. അതുവഴി സംസാരിക്കുന്നതിനുള്ള സംവിധാനവും ഉണ്ട്. ഇത് ആ നിമിഷം പോലീസ് കൺട്രോൾ റൂമിൽ ലഭിക്കുകയും തൊട്ടടുത്ത് എവിടെയാണോ പോലീസ് ഉള്ളത് അവരുടെ സേവനം ലഭിക്കുകയും ചെയ്യും.

## മാലിന്യ ശേഖരണവും സംസ്ക്കരണവും

റെഡ്ബട്ടന്റെ ഈ പ്രവർത്തനങ്ങൾ ആരംഭിച്ചതിനെ തുടർന്ന് മാലിന്യം വഴിയിൽ വലിച്ചെറിയുന്നതിന് കുറവുണ്ടായെങ്കിലും പൂർണമായും അവസാനിച്ചിരുന്നില്ല. ആയതിനാൽ വീടുകൾ, കടകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽ നിന്നും പ്രത്യേക പ്രോജക്ട് വച്ച് ഹരിത കർമ്മസേനകളുടെ സഹായത്തോടെ പ്ലാസ്റ്റിക്ക് ഇതര മാലിന്യ ശേഖരണവും സംസ്ക്കരണവും അങ്കമാലി ബ്ലോക്ക് പഞ്ചായത്തിന്റെയും പ്ലാനറ്റ് എർത്ത് എന്ന സന്നദ്ധസംഘടനയുടെയും സഹായത്തോടെ ആരംഭിച്ചു. കഴിഞ്ഞ ഒന്നരവർഷമായി ഈ പ്രവർത്തനം തുടരുന്നു.

ശേഖരിക്കപ്പെടുന്ന മാലിന്യം സംസ്ക്കരിക്കുന്നതിൽ -പ്രത്യേകിച്ച് പ്ലാസ്റ്റിക്ക്, ഇ-വേസ്റ്റ് തുടങ്ങിയവ- പ്രതിസന്ധിയുണ്ട്. ഇതിന് ക്ലീൻ കേരള മിഷൻ, ഹരിതകേരളം മിഷൻ, ശുചിത്വമിഷൻ എന്നിവരുടെ സേവനം കാലടി പഞ്ചായത്തിന് കുടുതലായി ലഭിക്കേണ്ടതുണ്ട്. കാലടി ശബരിമലയുടെ ഇടത്താവളമായതിനാൽ സീസണിൽ ധാരാളം അയ്യപ്പഭക്തർ വരുകയും വിശ്രമിക്കുകയും ചെയ്യുന്നതിനാൽ ഉണ്ടാകുന്ന മാലിന്യ പ്രശ്നങ്ങൾ ചെറുതല്ല. ഇത് പരിഹരിക്കുന്നതിന് വേണ്ട ശ്രമങ്ങൾ അപ്പപ്പോൾ തന്നെ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടന്നുവരുന്നു.

## ബോധന പ്രവർത്തനങ്ങൾ

മാലിന്യ പരിപാലനത്തിന് എന്തൊക്കെ മാർഗ്ഗങ്ങൾ സ്വീകരിച്ചാലും ആളുകളുടെ മനോഭാവത്തിൽ കാര്യമായ മാറ്റം വരുത്താതെ ഇതൊന്നും പ്രാവർത്തികമാവുകയില്ല എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ചില പ്രവർത്തനങ്ങൾ ചെയ്തുവരുന്നു. മാലിന്യ ശേഖരണം, സംസ്ക്കരണം എന്നിവ സംബന്ധിച്ച അവബോധം നാട്ടിലെ ജനങ്ങൾക്ക് നിരന്തരമായി നൽകുന്നതിന് ശുചിത്വ ബോധനയജ്ഞ സമിതിയുടെ നേതൃത്വത്തിൽ ഒട്ടേറെ ക്ലാസ്സുകൾ നൽകുന്നു. നിരന്തരം ജനങ്ങളുമായി ബന്ധപ്പെടാൻ ഇത് പര്യാപ്തമല്ല എന്ന് മനസ്സിലാക്കിയാണ് എന്തുകൊണ്ട് പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ LED വാർത്താബോർഡുകൾ സ്ഥാപിച്ചു കൂടാ എന്ന ആലോചനയിലേക്ക് നീങ്ങിയത്. ഇതിന്റെ ഭാഗമായി,

> ഇതിനായി ഇന്ത്യയിൽ തന്നെ തെരഞ്ഞെടുക്കപ്പെട്ട ഒരേ ഒരു പഞ്ചായത്താണ് കാലടി. സ്വച്ഛ് ഐക്കോണിക്കിന്റെ ഭാഗമായി BPCL നെ പങ്കാളിയാക്കി കാന ശുദ്ധീകരിച്ച് ശാസ്ത്രീയ സംവിധാനങ്ങൾ ഒരുക്കി പുതുക്കിപ്പണി നടന്നുകൊണ്ടിരിക്കുന്നു.




വ്യവസായ സ്ഥാപനങ്ങളിലെ മാലിന്യങ്ങൾ പലപ്പോഴും കാനകളിലേക്കാണ് ഒഴുക്കിക്കൊണ്ടിരിക്കുന്നത്. അത് തടഞ്ഞ് കാനകളുടെ പ്രവർത്തനം ശാസ്ത്രീയ രീതിയിലാക്കി മാറ്റുമ്പോൾ ഈ മലിനജലം സംസ്കരിക്കുക എന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമായി മാറുന്നു. കാനകൾ അവസാനിക്കുന്ന ഭാഗത്ത് ഒരു സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പദ്ധതി കാലടിക്ക് അനുവദനീയമായിട്ടുണ്ട്. കാനകളുടെ പണി തീരുന്ന മുറയ്ക്ക് മലിനജലം സംസ്ക്കരിക്കാൻ സീവേജ് ട്രീറ്റ്മെന്റ് വയ്ക്കുന്ന ഒരുപക്ഷേ ആദ്യ പഞ്ചായത്തായിരിക്കും കാലടി.

## ഊർജ്ജ പരിപാലനം

കേരളത്തിൽ ആദ്യമായി തെരുവ് വിളക്ക് പരിപാലനത്തിന് കാലടി ഗ്രാമപഞ്ചായത്ത് പുതിയ മാതൃക സൃഷ്ടിച്ചിരിക്കുന്നു. തെരുവ് വിളക്കുകൾ കത്തിക്കുന്നത് വഴി ഉണ്ടാകുന്ന കനത്ത ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിന് എന്ത് വഴി എന്ന് പഞ്ചായത്ത് ഭരണ സമിതി ആലോചിക്കുന്ന സന്ദർഭത്തിലാണ് എനർജി മാനേജ്മെന്റ് സെല്ലിന്റെ നിർദ്ദേശ പ്രകാരം എല്ലാ തെരുവ് വിളക്കുകളും LEDലേക്ക് മാറാൻ തീരുമാനിച്ചത്.

എന്നാൽ ഇത്രയും തെരുവ് വിളക്കുകൾ ഒറ്റയടിക്ക് LEDയിലേക്ക് മാറ്റാൻ വേണ്ട സാമ്പത്തിക ശേഷി പഞ്ചായത്തിന് ഇല്ലായിരുന്നു. ഈ സാഹചര്യത്തിൽ ഇതിൽ സഹായിക്കാനായി മുന്നോട്ട് വന്ന ഒരു കമ്പനിയുമായി ധാരണയുണ്ടാക്കി- ഒരു വർഷം നിലവിൽ അടച്ചുകൊണ്ടിരിക്കുന്ന ഇലക്ട്രിസിറ്റി ബിൽ തുകയേക്കാൾ LEDയിലേക്ക് മാറുമ്പോൾ എത്ര ലാഭം വരുമോ ആ ലാഭത്തിന്റെ ഒരു നിശ്ചിത വിഹിതം ഈ കമ്പനിക്ക് ഗഡുക്കളായി അടച്ചുകൊടുത്താൽ പഞ്ചായത്ത് ഒരു രൂപ പോലും മുടക്കാതെ മുഴുവൻ വർക്കും പ്രസ്തുത കമ്പനി തന്നെ പൂർത്തിയാക്കാം എന്ന് എഗ്രിമെന്റ് മുഖേന സമ്മതിച്ചു.

ഇതിന്റെ അടിസ്ഥാനത്തിൽ എനർജി മാനേജ്മെന്റ് സെല്ലിന്റെ നേതൃത്വത്തിൽ പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എനർജി ആഡിറ്റ് നടത്തി, ഇവരുടെ സാങ്കേതിക സഹായത്തോടെ കമ്പനിയുമായി എഗ്രിമെന്റ് വച്ച് പണി നടന്നുവരുന്നു. പഞ്ചായത്തിന് യാതൊരുവിധ അധിക ബാധ്യതയുമില്ലാതെ ഈ പ്രവർത്തനം വിജയകരമായി ചെയ്യാൻ കഴിഞ്ഞു എന്നത് മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും തികച്ചും മാതൃകാപരം തന്നെ. □

കേരളത്തിൽ ആദ്യമായി തെരുവ് വിളക്ക് പരിപാലനത്തിന് കാലടി ഗ്രാമപഞ്ചായത്ത് പുതിയ മാതൃക സൃഷ്ടിച്ചിരിക്കുന്നു

*ലേഖിക*
*കാലടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്.*
*9496045732, 9447605138*